● ആമയിഴഞ്ചാൽ തോട്ടിൽ മരണമടഞ്ഞ ജോയിക്ക് നഷ്ടപരിഹാരമാവശ്യപ്പെട്ട് കോൺഗ്രസ് നടത്തിയ പ്രതിഷേധ ധർണ്ണ പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു.
– മംഗളം

മാധ്യമ പ്രവർത്തനത്തിൽ ബാലസൗഹൃദ നയം അനിവാര്യം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയുകയോ ചിന്തിക്കുകയോ ചെയ്യാത്ത വിഭാഗങ്ങളാണ് കുഞ്ഞുങ്ങളെന്നും അതിനാൽത്തന്നെ മാധ്യമ പ്രവർത്തനത്തിൽ ബാലസൗഹൃദ നയം അനിവാര്യമാണെന്നും ആരോഗ്യ, വനിത–ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

കേരള മീഡിയ അക്കാദമി യുനിസെഫിന്റെ സഹകരണത്തോടെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിശു സൗഹൃദമാധ്യമ പ്രവർത്തനം സംബന്ധിച്ച വട്ടമേശ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാർഗരേഖ പ്രകാശനവും വീണ ജോർജ്ജ് നിർവ്വഹിച്ചു.

കുട്ടികളുടെ നേട്ടങ്ങൾ, പ്രശ്നങ്ങൾ എന്നിങ്ങനെ അവരുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ രണ്ടു വിധത്തിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. നിയമപരമായ തർക്കങ്ങളിലേർപ്പെടേണ്ടി വരുന്ന വിഷയങ്ങളിൽപ്പെട്ട കുഞ്ഞുങ്ങളുടെ ഒരു തരത്തിലുള്ള വിവരവും ഒരു കാരണവശാലും പ്രസിദ്ധപ്പെടുത്താൻ പാടില്ല.

ആ കുഞ്ഞിനെ തിരിച്ചറിയാനിടയാക്കുന്ന ഒരു കാര്യവും രക്ഷകർത്താക്കളെ സംബന്ധിച്ച വിവരം പോലും പ്രസിദ്ധപ്പെടുത്താൻ പാടില്ല. പക്ഷേ, കുഞ്ഞിന്റെ മുഖം മറച്ചും മറ്റു സൂചനകൾ നൽകിയുമാണ് മാധ്യമങ്ങൾ പലപ്പോഴും വാർത്തകൾ നൽകുന്നത്. ഇക്കാര്യത്തിൽ വ്യക്തമായ ഒരു നയം ഉണ്ടാവേണ്ടതുണ്ടെന്നും മന്ത്രി വീണ ജോർജ്ജ് പറഞ്ഞു.

കുഞ്ഞുങ്ങളുമായി അഭിമുഖം നടത്തുന്നതും ചിത്രീകരിക്കുന്നതും കുഞ്ഞുങ്ങളുടെ താല്പര്യം പരിഗണിച്ചായിരിക്കണം. ദ്വയാർത്ഥ പ്രയോഗങ്ങളോ മാനസിക സംഘർഷങ്ങളുണ്ടാക്കുന്ന സംസാരങ്ങളോ അഭിമുഖങ്ങളിലുണ്ടാവരുത്. പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അഭിമുഖത്തിന്റെ പൂർണ വിവരങ്ങൾ കുഞ്ഞിനെയും രക്ഷകർത്താക്കളെയും ബോധ്യപ്പെടുത്തിയിരിക്കണം എന്നീ കാര്യങ്ങളിൽ മാധ്യമപ്രവർത്തകരുടെ നിതാന്ത ജാഗ്രതയുണ്ടായിരിക്കണമെന്നും മന്ത്രി പറഞ്ഞു.

കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷത വഹിച്ചു. സെക്രട്ടറി അനിൽ ഭാസ്കർ സ്വാഗതം പറഞ്ഞു. മുൻ ഡിജിപി ജേക്കബ് പുന്നൂസ്, മുൻ ജില്ലാ ജഡ്ജി എസ് എച്ച് പഞ്ചാപകേശൻ, ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ കുഞ്ഞികൃഷ്ണൻ മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബ്, യുനിസെഫ് സൌത്ത് ഇന്ത്യ പ്രോഗ്രാം ഹെഡ് ശ്യാം സുധീർ ബണ്ടി തുടങ്ങിയവർ പങ്കെടുത്തു. ഏഷ്യാനെറ്റ് എക്സിക്യൂട്ടിവ് ന്യൂസ് എഡിറ്റർ എസ് ബിജു മോഡറേറ്ററായിരുന്നു. അക്കാദമി വൈസ് ചെയർമാൻ ഇ.എസ് സുഭാഷ് നന്ദി പറഞ്ഞു.

ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി തിരുവനന്തപുരം

തിരുവനന്തപുരം: ഉമ്മൻ ചാണ്ടി സ്നേഹസ്പർശം ജീവകാരുണ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ കീഴിൽ ഒരാഴ്ചക്കാലം നടക്കുന്ന വിവിധ ക്ഷേമാശ്വാസ സാന്ത്വന പരിചരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. ജില്ലയിലെ 1546 വാർഡ് കോൺഗ്രസ്സ് കമ്മിറ്റികളുടെയും പോഷക സംഘടനകളുടെയും നേതൃത്വത്തിൽ ജില്ലയിലുടനീളം ഒരാഴ്ചക്കാലം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തും.

സ്നേഹസ്പർശം കാരുണ്യ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കിഴക്കേകോട്ട വഞ്ചിപുവർ ഫണ്ട് അമ്മവീട്ടിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പാലോട് രവി അധ്യക്ഷനായി. വി.എസ്.ശിവകുമാർ, ജി.എസ്.ബാബു, ടി.ശരത്ചന്ദ്രപ്രസാദ്, ആനാട് ജയൻ, ചെമ്പഴന്തി അനിൽ, കടകംപള്ളി ഹരിദാസ്, എം.ശ്രീകണ്ഠൻ നായർ, കൈമനം പ്രഭാകരൻ, വി.കെ.രാജു, ആർ.ലക്ഷ്മി, സനൽകുമാർ കെ.എസ്, സേവ്യർ ലോപ്പസ്, ഗായത്രി വി. നായർ, വഞ്ചിയൂർ രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു. അമ്മവീട്ടിലെ അമ്മമാർക്ക് പ്രതിപക്ഷ നേതാവ് പുതുവസ്ത്രം നൽകുകയും പ്രതിപക്ഷ നേതാവും നേതാക്കളും അവരോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു.

ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിൽ കിടപ്പ് രോഗികൾക്ക് വസ്ത്രവും മരുന്നും ധനസഹായവും നൽകുന്ന പ്രവർത്തനങ്ങൾ ഇന്നും നടന്നു. നാവായിക്കുളത്ത് അസുഖബാധിതനായി തിരിച്ചെത്തിയ പ്രവാസിക്ക് 40000 രൂപ ധനസഹായം നൽകി. ചിറയിൻകീഴ്, പാലോട്, വെള്ളനാട് ആശുപത്രികളിൽ ഭക്ഷണവിതരണം നടത്തി. കുടവൂർ, മംഗലപുരം, പുല്ലമ്പാറ, മൂഴി, ഉറിയാക്കോട്, ചാല, ജഗതി, തമ്പാനൂർ, കാഞ്ഞിരംകുളം, കരുംകുളം, മലയിൻകീഴ്, വിളപ്പിൽ, പേയാട് എന്നിവിടങ്ങളിൽ ഭക്ഷ്യകിറ്റും ചികിത്സാ സഹായവും നൽകി. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് വസ്ത്രം, ഭക്ഷണം എന്നിവയും നൽകി. ചെമ്പൂർ 3 വീൽ ചെയറുകളും വെള്ളറടയിൽ 2 വീൽ ചെയറുകളും ഭക്ഷ്യകിറ്റും, ചികിത്സാ സഹായവും നൽകി. കഴക്കൂട്ടം ചന്തവിളയിലും പനയ്ക്കോട്ടും ചികിത്സാസഹായവും ഭക്ഷ്യകിറ്റം നൽകി. 24–ാം തീയതിവരെയുള്ള ഒരാഴ്ചക്കാലം ഉമ്മൻചാണ്ടി സ്നേഹസ്പർശം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുമെന്ന് ഡി.സി.സി പ്രസിഡന്റ് പാലോട് രവി അറിയിച്ചു.

അയണോക്സൈഡ് ഉപയോഗിച്ച് ബ്രിക്കുകൾ; നിർമാണം ആരംഭിച്ച് കെ.എം.എം.എൽ.

● കെ.എം.എം.എല്ലിലെ അയണോക്സൈഡ് ഇഷ്ടിക നിർമാണ യൂണിറ്റിന്റെ ഉദ്ഘാടനം മാനേജിങ് ഡയറക്ടർ പി. പ്രദീപ്കുമാർ നിർവഹിക്കുന്നു.

ചവറ: കെ.എം.എം.എല്ലിലെ ടൈറ്റാനിയം ഡയോക്സൈഡ് നിർമാണ പ്രക്രിയയുടെ ഭാഗമായി ഉണ്ടാകുന്ന അയണോക്സൈഡിനെ നിർമാണത്തിനാവശ്യമായി ബ്രിക്കുകളാക്കി മാറ്റുന്ന പ്രവർത്തനം കെ.എം.എം.എല്ലിൽ ആരംഭിച്ചു. ഇഷ്ടികയുടെ വലിപ്പത്തിലുള്ള ബ്രിക്കുകളാണ് ആദ്യഘട്ടമായി നിർമിക്കുന്നത്. അയണോക്സൈഡ് ഇഷ്ടിക നിർമാണ യൂണിറ്റ് ഉദ്ഘാടനം മാനേജിങ് ഡയറക്ടർ പി. പ്രദീപ്കുമാർ നിർവഹിച്ചു. കമ്പനിയിലെ എൻവിയോൺമെന്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലാണ് വൈവിധ്യവൽക്കരണം.

ആദ്യഘട്ടമായി എട്ട് ലക്ഷം ഇഷ്ടികകൾ നിർമിക്കും. കമ്പനിക്ക് അകത്തെ വിവിധ നിർമാണ പ്രവർത്തനങ്ങൾക്കാണ് ഈ അയണോക്സൈഡ് ഇഷ്ടികകൾ ഉപയോഗിക്കുക. ചുറ്റുമതിൽ നിർമാണം, വിവിധ പ്ലാന്റുകളിലെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ, ഗാർഡൻ ഡിസൈനിങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾക്കും പുതിയ ബ്രിക്കുകൾ ഉപയോഗിക്കാൻ കഴിയും. നേരത്തെ സ്വന്തമായി കണ്ടെത്തിയ സാങ്കേതിക വിദ്യയിലൂടെ അയണോക്സൈഡിൽ നിന്ന് ഇരുമ്പ് വേർതിരിച്ചെടുത്തിരുന്നു. ഇതിന്റെ മൂന്നാംഘട്ട പരീക്ഷണം നിലവിൽ കമ്പനിയിൽ നടന്നുകൊണ്ടിരിക്കയാണ്. അഞ്ച് ടൺ അയൺ സിന്ററുകളാണ് അന്ന് കള്ളിയത്ത് ടി.എം.ടിയിലേക്ക് അയച്ചത്.

അവ ഉപയോഗിച്ച് ടി.എം.ടി. കമ്പികളും ഇരുമ്പ് ബാറുകളും നിർമിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ടുള്ള കൂടുതൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കയാണ്.

ഉൽപാദന പ്രക്രിയയുടെ ഭാഗമായി ഉണ്ടാകുന്ന അയോണോക്സൈഡ് വലിയ പോണ്ടുകളിൽ സംരക്ഷിച്ചിരിക്കയാണ് നിലവിൽ. പുതിയ സാങ്കേതിക വിദ്യകളും വൈവിധ്യവൽകരണവും അയണോക്സൈഡ് മൂലമുണ്ടാകുന്ന പാരിസ്ഥിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഉതകുന്നവയാണ്.

കിംസ് ഹെൽത്ത് ലോക ബ്രെയിൻ ഡേ ആചരിക്കും

കൊല്ലം: ലോക ബ്രെയിൻ ഡേയുടെ ഭാഗമായി കിംസ് ഹെൽത്ത് ഹോസ്പിറ്റൽ കൊല്ലവും സിദ്ധാർഥ പബ്ലിക് സ്കൂളും സംയുക്തമായി 22ന് ബ്രെയിൻ ഡേ ആചരിക്കും. കിംസ് ഹെൽത്തിന്റെ നേതൃത്വത്തിൽ സിദ്ധാർഥ സെൻട്രൽ സ്കൂളിൽ വിദ്യാർഥികൾക്കായി ചെസ് മത്സരവും ഹെൽത്ത് ടോക്കും നടത്തും.

തുടർന്ന് ജില്ലയിലുടനീളമുള്ള സ്കൂളുകളിൽ ചെസ് മത്സരം നടത്താനാണ് കിംസ് ഹെൽത്തിന്റെ പദ്ധതി. ബ്രെയിൻ ഡേയുടെ ഭാഗമായി സീനിയർ സിറ്റിസൺസിന് വേണ്ടി എല്ലാ വെള്ളിയാഴ്ചയും ഒ.പി. കൺസൾട്ടേഷന് 50 ശതമാനമായിരിക്കുമെന്ന് കിംസ് അധികൃതർ അറിയിച്ചു. കിംസ് ഹെൽത്ത് ക്ലസ്റ്റർ സി.ഒ.ഒ. ഡോ. പ്രിൻസ് വർഗീസ്, ന്യൂറോ മെഡിസിൻ മേധാവി ഡോ. ഹരികൃഷ്ണൻ, സിദ്ധാർഥ പബ്ലിക് സ്കൂൾ മാനേജർ യു. സുരേഷ്, രോഹിത് ഉണ്ണികൃഷ്ണൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

ഉമ്മൻചാണ്ടി അനുസ്മരണവും മെഡിക്കൽ ക്യാമ്പും നാളെ

പത്തനാപുരം: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ രൂപം നൽകിയ മന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നാളെ പത്തനാപുരം ഗാന്ധിഭവനിൽ ഉമ്മൻചാണ്ടി അനുസ്മരണവും ആയുർവേദ മെഡിക്കൽ ക്യാമ്പും പഠനോപകരണ വിതരണവും സംഘടിപ്പിക്കും. ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ കാരുണ്യ പ്രവർത്തങ്ങളുടെ ഭാഗമായാണ് പരിപാടി.ഉച്ചയ്ക്ക് രണ്ടിന് ട്രസ്റ്റ് മെമ്പറും ഉമ്മൻചാണ്ടിയുടെ ഭാര്യയുമായ മറിയാമ്മ ഉമ്മൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങ് മുൻ എം.പി. കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും.

നടനും ചലച്ചിത്ര താരസംഘടനയായ അമ്മയുടെ സെക്രട്ടറിയുമായ സിദ്ദിഖ് മുഖ്യ സന്ദേശം നൽകും. ശാന്തിഗിരി ആശുപത്രിയുടെ നേതൃത്വത്തിലുള്ള ആയുർവേദ മെഡിക്കൽ ക്യാമ്പ് മലങ്കര ഓർത്തഡോക്സ് സഭ കൊല്ലം മെത്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പഠനോപകരണ വിതരണം നിർവഹിക്കും. ഗാന്ധിഭവൻ സെക്രട്ടറിയും മാനേജിങ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ അനുസ്മരണ സന്ദേശം നൽകും. ജെയ്സൺ ജെയിംസ് തഴവ, മന്ന ചാരിറ്റബിൾ ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി ഡോ. മറിയ ഉമ്മൻ എന്നിവർ പ്രസംഗിക്കും. രാവിലെ 10 മുതലാണ് ശാന്തിഗിരി ആശുപത്രിയുടെ ആഭിമുഖ്യത്തിലുള്ള ആയുർവേദ മെഡിക്കൽ ക്യാമ്പ്.

കണ്ണനല്ലൂർ–കുണ്ടറ റോഡ് തകർന്നു; പ്രതിഷേധവുമായി കോൺഗ്രസ്

കൊല്ലം: കണ്ണനല്ലൂർ–കുണ്ടറ സംസ്ഥാനപാതയിലെ കണ്ണനല്ലൂർ എസ്.ബി.ഐ. ബാങ്കിന് സമീപം അര കിലോമീറ്ററോളം റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതായിട്ട് നാളുകൾ ഏറെയായിട്ടും അധികാരികൾ നടപടിയെടുക്കാത്തതിനെതിരെ കണ്ണനല്ലൂർ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടത്തി. ഡി.സി.സി. ജനറൽ സെക്രട്ടറി ഫൈസൽ കുളപ്പാടം ഉദ്ഘാടനം ചെയ്തു. ആയിരക്കണക്കിന് വാഹനങ്ങൾ ദിനംപ്രതി യാത്ര ചെയ്യുന്ന റോഡിൽ കണ്ണനല്ലൂർ മുതൽ വടക്കേമുക്കു വരെ ജനങ്ങളുടെ യാത്ര നരകമായി. ചെറിയ മഴ പെയ്താൽ പോലും വെള്ളം ഉയർന്ന് നടപ്പാതയിൽ എത്തിച്ചേരുന്നത് കാൽനട യാത്രക്കാരെയും ബുദ്ധിമുട്ടിക്കുന്നു.

റോഡിന്റെ ശോചനീയാവസ്ഥ അടിയന്തരമായി പരിഹരിക്കണമെന്ന് ഫൈസൽ കുളപ്പാടം ആവശ്യപ്പെട്ടു. തൃക്കോവിൽവട്ടം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് കണ്ണനല്ലൂർ എ. എൽ. നിസാമുദീൻ അധ്യക്ഷത വഹിച്ചു.

മണ്ഡലം പ്രസിഡന്റ് സുധീർ ചേരികോണം, മുഖത്തല ഗോപിനാഥൻ, എ.എം. ഷമീർഖാൻ, പേരയം വിനോദ്, ഷമീർ സിമ്പിൾ, ശിഹാബുദീൻ, എച്ച്. എം. ഷെരീഫ്, ഷാജഹാൻ, അർജുനൻ, നിസാം പേരയം, ഷാനവാസ്, ഷഫീക് ലാൽ, കരീം, എന്നിവർ പങ്കെടുത്തു.

● കണ്ണനല്ലൂർ–കുണ്ടറ റോഡ് തകർന്നിട്ടും നടപടി എടുക്കാത്ത അധികാരികളുടെ നടപടിയിൽ പ്രതിഷേധിച്ച് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിഷേധ സമരം ഡി.സി.സി. ജനറൽ സെക്രട്ടറി ഫൈസൽ കുളപ്പാടം ഉദ്ഘാടനം ചെയ്യുന്നു.

ധർമ്മതീർത്ഥർ സ്വാമിയുടെ നാല്പത്തിയൊമ്പതാം സമാധി ദിനാചരണം

ശിവഗിരി: ശ്രീനാരായണ ഗുരുദേവ ദർശന പ്രചാരണ രംഗത്തു നിസ്തുലമായ സംഭാവനകൾ സമർപ്പിച്ച ശിഷ്യ പ്രമുഖനായിരുന്നു ധർമ്മ തീർത്ഥർ സ്വാമിയെന്നു ശിവഗിരിമഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അഭിപ്രായപ്പെട്ടു.

ധർമ്മതീർത്ഥർ സ്വാമിയുടെ നാല്പത്തിയൊമ്പതാം സമാധി ദിനാചരണത്തോടനുബന്ധിച്ചു നടന്ന യോഗത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു സ്വാമി. ഇന്ത്യൻ ഭരണഘടന തയ്യാറാക്കുന്നതിൽ ഡോ. അംബേദ്ക്കറെ ഗുരുദേവദർശനം സ്വാധീനിക്കാൻ ഇടയായത് സ്വാമിയും അംബേദ്ക്കറുമായുള്ള അടുപ്പം മൂലമായിരുന്നു. ശ്രീനാരായണ ധർമ്മസംഘത്തിൻറെ രൂപീകരണത്തിന് അഭിഭാഷകൻ കൂടിയായിരുന്ന ധർമ്മതീർത്ഥർ സ്വാമി വലിയ പങ്കുവഹിക്കുകയുണ്ടായെന്നും ഗുരുദേവൻറെ അവതാരഗൃഹം ചെമ്പഴന്തി വയൽവാരം ഉൾപ്പെടെയുള്ള പ്രദേശം ശിവഗിരിമഠത്തിനു ലഭ്യമാകുന്നതിലും സ്വാമിയുടെ പങ്കു വളരെയായിരുന്നുവെന്നും സച്ചിദാനന്ദ സ്വാമി പറഞ്ഞു. ശിവഗിരിമഠം പി. ആർ. ഒ. ഇ. എം. സോമനാഥൻ, വെട്ടൂർ ശശി, എസ്. സുരേഷ്, ആർ. ധർമ്മരാജൻ എന്നിവർ പ്രസംഗിച്ചു.

രാവിലെ പാളയം സി. എസ്. ഐ. പള്ളിയിലെ സ്വാമിയുടെ സമാധി സ്ഥാനത്തു ശിവഗിരി മഠത്തിൻറെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തി. പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ഗുരുധർമ്മ പ്രചരണ സഭാ സെക്രട്ടറി അസംഗാനന്ദഗിരി സ്വാമി, വിശ്വസംസ്കാരഭവൻ സെക്രട്ടറി ശങ്കരാനന്ദ സ്വാമി, ശിവനാരായണ തീർത്ഥ സ്വാമി, ദേശികാനന്ദയതി സ്വാമി എന്നിവരും ഗുരുധർമ്മ പ്രചരണസഭാ കേന്ദ്രസമിതിയംഗങ്ങളായ ജി. രാജേന്ദ്രൻ, കെ.എസ്. ജയധരൻ ജില്ലാസെക്രട്ടറി എ.ആർ. വിജയകുമാർ, ജോ.സെക്രട്ടറി വെട്ടുകാട് അശോകൻ, കെ.എസ്. ശിവരാജൻ, കേന്ദ്ര കോർഡിനേറ്റർ അശോകൻ ശാന്തി തുടങ്ങിയവരും പങ്കെടുത്തു.

ഐസർ തിരുവനന്തപുരം പന്ത്രണ്ടാം ബിരുദദാന ചടങ്ങ് ഇന്ന്

വിതുര: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് തിരുവനന്തപുരം അതിന്റെ പന്ത്രണ്ടാം ബിരുദദാന ചടങ്ങ് 2024 ജൂലൈ 20 ന് തിരുവനന്തപുരത്തെ വിതുരയിലെ കാമ്പസിൽ വെച്ച് നടക്കും. ഇന്ത്യാ ഗവൺമെന്റിന്റെ പ്രിൻസിപ്പൽ സയന്റിഫിക് അഡ്വൈസറും പ്രധാനമന്ത്രിയുടെ സയൻസ്, ടെക്നോളജി ഇന്നൊവേഷൻ അഡ്വൈസറി കൌൺസിൽ (പിഎം–എസ്ടിഐഎസി) ചെയർപേഴ്സണുമായ പ്രൊഫ. അജയ് കുമാർ സൂദ് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

ആധുനിക ശാസ്ത്രത്തിലെ മികച്ച ഗവേഷണവുമായി സംയോജിപ്പിച്ച് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി 2008 ൽ ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച പ്രധാന ശാസ്ത്ര വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളിലൊന്നാണ് ഐസർ തിരുവനന്തപുരം.

ബയോളജി, കെമിസ്ട്രി, ഡാറ്റാ സയൻസ്, മാത്തമാറ്റിക്സ്, ഫിസിക്സ് , എർത്ത്, എൻവയോൺമെന്റൽ ആൻഡ് സസ്റ്റൈനബിലിറ്റി സയൻസസ് (ഇ. ഇ. എസ്. എസ്) എന്നീ ആറ് വകുപ്പുകളും അഡ്വാൻസ്ഡ് മെറ്റീരിയൽസ്, ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് എന്നീ മേഖലകളിലെ രണ്ട് ഗവേഷണ കേന്ദ്രങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിലുണ്ട്. ഗവേഷണത്തിൽ ബിരുദ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം പ്രധാന സവിശേഷതകളിലൊന്നായ ഐസറിൽ ഗവേഷണത്തിന്റെയും അധ്യാപനത്തിന്റെയും സ്വഭാവം വളരെ ഇന്റർ–ഡിസിപ്ലിനറി ആണ്. ജൂലൈ 20 ന് നടക്കുന്ന പന്ത്രണ്ടാം ബിരുദദാന ച്ചടങ്ങിൽ 190 ബിഎസ്–എംഎസ് വിദ്യാർത്ഥികൾ, 26 പിഎച്ച്ഡി വിദ്യാർത്ഥികൾ, 24 ഇന്റഗ്രേറ്റഡ് പിഎച്ച്ഡി വിദ്യാർത്ഥികൾ, 16 എംഎസ് (റിസർച്ച്) വിദ്യാർത്ഥികൾ, 70 എംഎസ്സി വിദ്യാർത്ഥികൾ എന്നിവർ പഠനം പൂർത്തിയാക്കി ബിരുദം കരസ്ഥമാക്കും.

ആഴത്തിലുള്ള ഗവേഷണ പരിചയത്തോടെ ഉയർന്ന നിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിനായി രാജ്യത്ത് സ്വന്തമായി ഒരു ഇടം സൃഷ്ടിക്കാൻ ഐസർ തിരുവനന്തപുരം നിരന്തരം ശ്രമിച്ചു വരുന്നു.

പ്രൊഫ. അരവിന്ദ് എ. നാടു ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് ഓഫ് ഗവർണർമാരുടെ ചെയർപേഴ്സണും പ്രൊഫ. ജെ. എൻ. മൂർത്തി ഡയറക്ടറുമായ ഐസറിൽ വിദ്യാർത്ഥികൾക്ക് ശക്തമായ ഇന്റർ ഡിസിപ്ലിനറി സ്വഭാവമുള്ള പാഠ്യ പദ്ധതി വിഭാവനം ചെയ്യുകയും അവർക്ക് വൈവിധ്യമാർന്നതുമായ പഠനാന്തരീക്ഷം നൽകുകയും ചെയ്യുന്നു.

കൈത്തറി ദിനം കരിദിനമായി ആചരിക്കും

തിരുവനന്തപുരം: കൈത്തറി – നെയ്തു വ്യവസായ മേഖലയോട് സംസ്ഥാന സർക്കാർ കാട്ടുന്ന അവഗണനയിൽ പ്രതിക്ഷേധിച്ചും, നെയ്തു തൊഴിലും സ്കൂൾ യൂണിഫോം പദ്ധതിയും നിർത്തൽ ചെയ്യാനുള്ള ഗൂഢാലോചന അവസാനിപ്പിക്കണമെന്ന് അവശ്യപ്പെട്ടും കൈത്തറി തൊഴിലാളി കോൺഗ്രസ് – കേരള ഹാൻഡ്‌ലൂം സൊസൈറ്റി അസോസിയേഷൻ എന്നിവ സംയുക്ത മായി സമര പരിപാടികൾക് രൂപം നൽകി. കൈത്തറി ദിനമായ ആഗസ്ത് 7 നു കരിദിനമായി ആചരിക്കാനും സെക്രട്ടേറിയറ്റ് പടിക്കൽ പട്ടിണി കഞ്ഞി സമരം നടത്തി പ്രതിക്ഷേധിക്കാനും തീരുമാനിച്ചു. തുടർന്ന് മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രി മാരുടേയും വീട്ടു പടിക്കൽ റിലേ സത്യാഗ്രഹം സങ്കടിപ്പിക്കും. നൂലും കൂലി കുടിശികയും മാസങ്ങളായി നല്കാത്തതിനാലാണ് സമര പരിപാടികൾക്ക് രൂപം നൽകിയത്.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

Registered Office: Radhika, 2nd Floor, Law Garden Road,Navrangpura, Ahamedabad- 09. Branch Office : M/s.HDB Financial Services Ltd, First Floor, Creative Complex, Above ICICI Bank, Kadappakada, Kollam, Kerala

ലേല വിൽപന നോട്ടീസ് ഇ – ലേല വില്പന നോട്ടീസ് (വായ്പക്കാർ/സഹ – അപേക്ഷകർ/പൊതുജനങ്ങൾ മറ്റുള്ളവർക്കായി)
(Under Rule 8(6) R/w with Rule 9 (1) of SARFAESI Act, 2002)

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ താഴെ ഒപ്പിട്ട അംഗീകൃത ഓഫീസർ ഏറ്റെടുത്ത താഴെ പറയുന്ന വസ്തുവകകൾ അണ്ടർ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ദി ഫിനാൻഷ്യൽ അസറ്റ്സ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആകട് 2002, പ്രകാരം താഴെ കാണിച്ചിരിക്കുന്ന ലോൺഅക്കൗണ്ടിനുവേണ്ടി എവിടെയോ അവിടെ എങ്ങനെയോ അങ്ങനെ വ്യവസ്ഥയിൽ വിൽപന നടത്തുന്നു

അപേക്ഷകന്റെയും സഹഅപേക്ഷകന്റെയും പേരും വിലാസവും: (1) കലേഷ്.കെ., 'കാവ്യശ്രീ', സാഗര നഗർ, കടപ്പക്കട, കൊല്ലം –691001, (2) കവിത കലേഷ്, 'കാവ്യശ്രീ', സാഗര നഗർ, കടപ്പക്കട, കൊല്ലം –691001, അക്കൗണ്ട് നമ്പർ 12980428, 3727456, ആകെ കുടിശ്ശിക തുക: രൂപ 3,32,45,072/ (രൂപ മൂന്ന് കോടി മുപ്പത്തിരണ്ടു ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എഴുപത്തി രണ്ട് മാത്രം) ലോൺ അക്കൗണ്ട് നമ്പർ –3727456 ലും രൂപ. 19,33,702/ എൽഎഎസ് ഐഡി 12980428 ലും ആയി 14/06/2023 തീയതിയായി ആകെ തുക. രൂപ. 3,51,78,774/ (രൂപ മൂന്നുകോടി അൻപത്തിയൊന്നു ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി എഴുനൂറ്റി എഴുപത്തിനാല മാത്രം) ഇരു ലോൺ അക്കൗണ്ടു നമ്പരുകളിലുമായി 14/06/2023 തീയതിയും തുടർ പലിശയും ആകസ്മിക ചെലവുകളും മറ്റു ചെലവുകളും സഹിതം പൂർണ്ണമായ അടവു തീയതി വരെ.
സുരക്ഷിതവായ്പാദാതാവിന് അറിയാവുന്ന ബാധ്യതകളുടെ വിശദാംശങ്ങൾ: (1) അഞ്ചലമൂട് സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് 22/05/2024ലെ പി നമ്പർ.30360277ലെ ബാധ്യതാ സർട്ടിഫിക്കറ്റ് പ്രകാരം (04.40 ആർ, 05.75 ആർ) മൊത്തം 10 .15 ആർ വസ്തുവിൽ ഹെഡ്ജ് ഫിനാൻസ് ലിമിറ്റഡിന്റെ ഐഎ 2/2021, സിഎംഎ 385/21 എന്നതിലായി എറണാകുളം കൊമേഴ്സ്യൽ കോടതിയിൽ നിന്നുള്ള ഒരു അറ്റാച്ചുമെന്റുള്ളതും (2) കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് ബാധ്യതാ സർട്ടിഫിക്കറ്റ് തീയതി 22/05/2024 പി നമ്പർ.30360243 പ്രകാരം 5.43 ആർ വസ്തു, ഇതുമായി ബന്ധപ്പെട്ട് കൊല്ലം പ്രിൻസിപ്പൽ സബ് കോടതിയിൽ ഐഎ 1/2024, ഒഎസ് 12/2024ൽ പ്രകാരം ഒരു അറ്റാച്ച്മെന്റ് നിലനിൽക്കുന്നു.
സ്ഥാവര വസ്തുക്കളുടെ വിശദാംശങ്ങൾ: കൊല്ലം താലൂക്കിലെ അഞ്ചലമൂട് എസ്ആർഒ, തൃക്കടവൂർ വില്ലേജ് ഓഫീസിൽ റീ സർവേ നമ്പർ276/105 ൽ 04.40 ആർ, റീ സർവേ നമ്പർ 287/1 ൽ 05.75 ആർ വസ്തുവും മുഴുവൻ ഭാഗവും മറ്റെല്ലാ മെച്ചപ്പെടുത്തലുകളും സഹിതം, ഒപ്പംകെഎംസി 15/713, 15/678 കെട്ടിടവും സഹിതവും കൊല്ലം ഈസ്റ്റ് വില്ലേജ് ഓഫീസിൽ റീ സർവേ നമ്പർ 45 ൽ 5.43 ആർ വസ്തുവും കെട്ടിടനമ്പർ കെഎംസി നമ്പർ 2/1071/241എ കെട്ടിടത്തിനൊപ്പം കൊല്ലം എസ്.ആർ.ഒ. (തണ്ടപ്പേർ അക്കൗണ്ട് നമ്പർ. 1950, 10107) കലേഷിന്റെ പേരിൽ, കൂടാതെ മറ്റെല്ലാ അനുബന്ധങ്ങളും/ഘടനകളും അവകാശങ്ങളും സഹിതം എല്ലാ അവകാശങ്ങളും കൂടുതൽ വിശദമായി മുഴുവനായും സെയിൽ ഡീഡ് നം. 4054/1987 തീയതി 28/12/1987, റിലീസ് ഡീഡ് നമ്പർ. 3712/1994, സെയിൽ ഡീഡ് നമ്പർ. 1471/2006 തീയതി 15/07/2006 യിൽ വിവരിച്ചിരിക്കുന്നു, ബ്ലോക്ക് നമ്പർ.3, പഴയ സർവേ നമ്പർ 8302. 5.43 വസ്തുക്കളുടെ അതിരുകൾ: വടക്ക്: ഇടറോഡ്, തെക്ക്: റോഡ്, കിഴക്ക്: ഉണ്ണിയുടെയും സുനിലിന്റെയും സ്വത്ത്, , പടിഞ്ഞാറ്: ചന്ദ്രന്റെയും ദേവദാസിന്റെയും സ്വത്ത്. റീ സർവേ നമ്പർ 4.40, 5.75 ആർ അതിരുകൾ: അതിരുകൾ. വടക്ക്: ജെയിംസിന്റെ സ്വത്ത്, തെക്ക്: ധനലക്ഷ്മിയുടെ സ്വത്ത്, കിഴക്ക്: റോഡ്, പടിഞ്ഞാറ്: കനാൽ.

(I) റെസിഡൻഷ്യൽ പ്രോപ്പർട്ടിയുടെ കരുതൽ വില

റിസർവ് പ്രൈസ്	നിരതദ്രവ്യം	ലേലവർദ്ധന തുക	ലേല തീയതി & സമയം	ഇഎംഡി അവസാനതിയതി & സമയം
Rs. 21766734/- for the residential property bearing 05.43 Ares of property	Rs.2176673/-	Rs.1,00,000/-	13/08/2024 at 11 a.m. to 12 Noon	12/08/2024 up to 06:00 p.m

(II) കൊമേഴ്സ്യൽ പ്രോപ്പർട്ടിയുടെ കരുതൽ വില

റിസർവ് പ്രൈസ്	നിരതദ്രവ്യം	ലേലവർദ്ധന തുക	ലേല തീയതി & സമയം	ഇഎംഡി അവസാനതിയതി & സമയം
Rs.15445200/- for the commercial property bearing 04.40 and 05.75 Ares of property	Rs.1544520/-	Rs.1,00,000/-	13/08/2024 at 11 a.m. to 12 Noon	12/08/2024 up to 06:00 p.m

ടെണ്ടർലേല വിൽപ്പനയുടെ നിബന്ധനകളും വ്യവസ്ഥകളും ● വിൽപ്പന ലേലം മുകളിലുള്ള പട്ടികയിൽ പരാമർശിച്ചിട്ടുള്ള തിയതികളിൽ 5 മിനിറ്റ് സമയപരിധിയിൽ https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 / Kiranmai/ info@bankauctions.in/8142000066 #605A, 6th Floor, Maitrivanam,Ameerpet, Hyderabad-500038, Telangana എന്ന വെബ്സൈറ്റിലൂടെ മൊബൈൽ ആപ് ഓൺലൈൻ ഇലേലം ബിഡ്ഡിംഗ് ആയി ആയിരിക്കും നടത്തുക. (2) താൽപ്പര്യപ്പെടുന്ന ലേലക്കാർ https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 / Kiranmai/ info@ bankauctions.in/ 8142000066 #605A, 6th Floor, Maitrivanam,Ameerpet, Hyderabad-500038, Telangana എന്ന പോർട്ടലിലൂടെ തങ്ങളുടെ EMD സമർപ്പിക്കണം. ലോഗ് ഇൻ ഐഡി പാസ്‌വേർഡ് എന്നിവ വഴി (യൂസർ ഐഡി, പാസ്‌വേർഡ് എന്നിവ https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 / Kiranmai/info@ bankauctions.in/8142000066 #605,6th Floor, Maitrivanam, Ameerpet, Hyderabad-500038 വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ ഫ്രീയായി ലഭക്കുന്നതാണ്. മുകളിൽ പരിമിതപ്പെടുത്തിയിരിക്കുന്ന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന് അനുകൂലമായുള്ള കരുതൽ വിലയുടെ ഇ.എം.ഡി. 10% ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് വഴി ഇ.എം.ഡി. നൽകപ്പെടും. ബിഡ് ഡോക്യുമെന്റ് സമർപ്പിക്കുന്ന ദിവസത്തിനു മുൻപായി വൺ ടൈം രജിസ്ട്രേഷനു ശേഷം ബിഡർമാർ താഴെ പറയുന്ന രേഖകൾ വെബ്പോർട്ടലിൽ അപലോഡ് ചെയ്യണം. i) NEFT/RTGS ഡ്രൈവിങ്ങ് ലൈസൻസ് എന്നിവയുടെ കോപ്പി, ii) പാൻ കാർഡിന്റെ കോപ്പി, iii) അഡ്രസ് പ്രൂഫ് (കെ.വൈ.സി), 3. വോട്ടർ ഐഡി,ഡ്രൈവിങ്ങ് ലൈസൻസ്, പാൻകാർഡ് എന്നിവയുടെ സെൽഫ് അറ്റസ്റ്റഡ് കോപ്പി. അനുബന്ധം II&III എന്നവയുടെ സ്കാൻ ചെയ്ത കോപ്പി https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@ bankauctions. in/8142000060 / Kiranmai/info@bankauctions.in/8142000066 #605,6th Floor, Maitrivanam,Ameerpet, Hyderabad-500038 എന്ന വെബ്സൈറ്റിലൂടെ ഡൗൺലോഡ് ചെയ്യാം.) ഫിൽ ചെയ്തതിനു ശേഷം സാക്ഷ്യപ്പെടുത്തുകയും വേണം. ലോഗ് ഇൻ ഐഡി പാസ്‌വേർഡ് എന്നിവ എന്നിവ ഉണ്ടാക്കുന്നതിനോ , രേഖകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനോ സഹായം വേണ്ടവർ https://bankauctions.in, info@bankauctions.in, Mr.Bhargav/bhargav@bankauctions.in/8142000060 / Kiranmai/info@ bankauctions.in/ 81420 00 066 # 605A, ആറാം നില, മൈത്രിവനം, അമീർപേട്ട്, ഹൈദരാബാദ്–500038, തെലങ്കാന എന്നിവയിൽ ബന്ധപ്പെടുക,ബിഡ്ഡർ നേരിട്ട് ലേലത്തിൽ പങ്കെടുക്കേണ്ടതും ലേലത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് ഡിറേഷൻ ഫോം എഴുതി നൽകേണ്ടതുമാണ്. ബിഡർമാർ എച്ച് ഡിബി ഫിനാൻഷ്യൽസർവീസസ് ലിഡ്,ഒന്നാം നില, ക്രിയേറ്റീവ് കോംപ്ലക്സ്, ഐസിഐസിഐ ബാങ്കിന് മുകളിൽ, കടപ്പക്കട, കൊല്ലം, കേരളം. മാനേജരിൽ നിന്നും ടെണ്ടർ ഫോമുകൾ കൈപ്പറ്റാവുന്നതാണ്. എച്ച്ഡിബിക്ക് അനുകൂലമായുള്ള റിസർവ് വില എം.ഡി.എം. 10% നോടൊപ്പം പേ / ഓർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം അംഗീകൃത ഓഫീസർക്ക് സമർപ്പിച്ചിരിക്കുന്ന സീൽ ചെയ്ത എൻവലപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ടെണ്ടർ ഫോമിൽ മാത്രമേ ബിൻഡിംഗ് ബിഡ്ഡർ അംഗീഗൃത ഓഫീസർ, എച്ച്ഡിബി ഫിനേഷ്യൽ സർവീസസ് ലിമിറ്റഡിന് സമർപ്പിക്കാവൂ 12/08/2024 വൈകുന്നേരം 6 മണിക്കോ അതിന് മുമ്പോഇതിനാൽ അറിയിച്ചു കൊള്ളുന്നു . വസ്തു പരിശോധിക്കുന്നതിനായി വാങ്ങുന്നയാൾ മാനേജർ, എച്ച് ഡിബി ഫിനാൻഷ്യൽസർവീസസ് ലിഡ്,ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്,ഒന്നാം നില, ക്രിയേറ്റീവ് കോംപ്ലക്സ്, ഐസിഐസിഐ ബാങ്കിന് മുകളിൽ, കടപ്പാക്കട, കൊല്ലം, കേരളം –ഉമേഷ് കുമാർ (9645099666) & രഞ്ജിത്ത് സിആർ (9020858967). എന്നീ നമ്പറിൽ ബന്ധപ്പെടുക. ആസ് വേർ ഇസ് ആസ് വാട്ട് ഇസ് എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വസ്തു വിൽപ്പന. സീൽ ചെയ്ത ടെണ്ടർ 13/08/2024 രാവിലെ 11 മണിക്ക് ഇവിടെ നൽകിയിരിക്കുന്ന ടെണ്ടർ കം ലേല നോട്ടീസിൽ അറിയിച്ചതിന് പ്രകാരം ബിഡ്ഡറുടെ സാന്നിധ്യത്തിൽ തുറക്കും. ക്ളോസഡ് ടെണ്ടറിലും ഇപ്രകാരം അംഗീകൃത ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ വിവേചനാധികാരത്തിൽ താൽപ്പര്യപ്പെടുന്ന ബിഡ്ഡർമാരുടെ ഇടയിൽ റോസ്ഡ് ടെണ്ടർ നടത്തുകയും ഏറ്റവും കൂടുതൽ ലേലം വിളിക്കുന്ന വ്യക്തിക്ക് വിൽപ്പന നടത്തുയും ചെയ്യും. വിൽപ്പന എച്ച്ഡിബി ഫിനേഷ്യൽ സർവീസ് ലിമിറ്റഡിന്റെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.. വിജയിച്ച ബിഡ്ഡർ വിൽപന പൂർത്തിയായതിന് ശേഷം വിൽപന തുകയുടെ 25% (ഇ.എം.ഡി. ഉൾപ്പെടെ) അതേ ദിവസം അല്ലെങ്കിൽ അതിനു തൊട്ടടുത്ത പ്രവൃത്തി ദിവസവും ബാക്കി 75% തുക വിൽപന സ്ഥിരീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽലും അടയ്ക്കേണ്ടതാണ്. ഇതിനു കഴിഞ്ഞില്ലെങ്കിൽ പ്രാരംഭ നിക്ഷേപമായ 25% നഷ്ടപ്പെടുകയും അടുത്ത ബിഡ്ഡറെ പരിഗണിക്കുന്നതുമാണ്. നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിൽ മുഴുവൻ വിൽപ്പനയും നടക്കുന്ന പക്ഷം വിജയിച്ച ആൾക്ക് അംഗീകൃത ഓഫീസർ വിൽപ്പന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. വാങ്ങുന്നയാൾ നിയമപ്രകാരം ബാധകമായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവയ്ക്ക് നൽകേണ്ട നിരക്കുകൾ / ഫീസ് എന്നിവ വഹിക്കണം. വാങ്ങുന്നയാൾ സ്റ്റാറ്റിയൂട്ടറി കുടിശ്ശിക നൽകണം (ലോഫുൾ ഹൗസ് ടാക്സ്, വൈദ്യുത ബിൽ, മറ്റ് കുടിശികകൾ) TDS,GST നിരക്കുകൾ ഉണ്ടെങ്കിൽ അവയും.സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ കുടിശിഖയും. അംഗീകൃത ഉദ്യോഗസ്ഥന് മുൻകൂർ അറിയിപ്പ് കൂടാതെ ടെണ്ടർ സ്വീകരിക്കാനോ നിരസിക്കാനോ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും ലേലം വിളിക്കാനും ലേലം ഒരു കാരണവും നൽകാതെ മാറ്റിവയ്ക്കുക / റദ്ദാക്കാനും മുൻകൂട്ടി അറിയിക്കാതെ തന്നെ വിൽപനയുടെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പരിഷ്കരിക്കാനും പൂർണ്ണമായ അവകാശമുണ്ട്.

സ്ഥലം: കൊല്ലം തിയതി : 19/07/2024
അധികാരപ്പെട്ട ഓഫീസർ, M/s എച്ച്ഡിബി ഫിനാൻഷ്യൽ സർവീസ് ലിമിറ്റഡ്

SUNDARAM HOME
Regd Office: No. 21, Patullos Road, Chennai - 600 002.
Corporate Office: Sundaram Towers, No. 46, Whites Road, Chennai - 600 014.
Branch Office: First Floor, Kandathil Building, Kadappakkada Post, Kadappakkada, Kollam-691008 Phone: 0474 - 274 2490.

പൊസഷൻ നോട്ടീസ്
Issued Under Sec 13(4) read with Appendix IV and Rule 8(1) of Security Interest (Enforcement) Rules, 2002

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് സെക്ഷൻ 13 (2) പ്രകാരവും 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ റൂൾ 3 പ്രകാരവുമുള്ള അധികാരം ഉപയോഗിച്ച്, താഴെ ഒപ്പു വെച്ചിരിക്കുന്നയാൾ സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡ് മുമ്പ് സുന്ദരം ബി.എൻ.പി. പാരിബാസ് ഹോം ഫിനാൻസ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്നത് നു വേണ്ടി താഴെ പറഞ്ഞിരിക്കുന്ന വായ്പക്കാരൻ/സഹവായ്പാക്കാരൻ എന്നിവർക്ക് നോട്ടീസ് കിട്ടി 60 ദിവസത്തിനകം തിരിച്ചടയ്ക്കാനായി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു. എന്നാൽ വായ്പക്കാരന്/സഹവായ്പക്കാരന് തുക തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, വായ്പക്കാരനും/സഹവായ്പക്കാരനും പൊതുജനങ്ങൾക്കും ഇതിനാൽ നോട്ടീസ് നൽകുന്നതെന്തെന്നാൽ, ചുവടെ ഒപ്പു വെച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ, മേൽ വിവരിച്ച ആക്ട് സെക്ഷൻ 13 (4) പ്രകാരവും കൂടാതെ മേൽ വിവരിച്ച റൂൾ 8 പ്രകാരവും ഉള്ള അധികാരമുപയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തുവകകളുടെ കൈവശാവകാശം ഏറ്റെടുത്തിരിക്കുന്നു. വായ്പക്കാരൻ/സഹവായ്പക്കാരൻ പ്രത്യേകിച്ചും പൊതുജനം പൊതുവിലും ഈ വസ്തുവകയിൽ മേലിൽ ഒരു ഇടപാടുകളും നടത്താതിരിക്കാൻ ജാഗ്രത പാലിക്കേണ്ടതും അങ്ങനെ എന്തെങ്കിലും ഇടപാടുകൾ ഈ വസ്തുവകകളുമായി നടത്തുകയാണെങ്കിൽ ആയത് സുന്ദരംഹോം ഫിനാൻസ് ലിമിറ്റഡിന് താഴെകാണിച്ചിരിക്കുന്ന തുകകളും ലഭിക്കേണ്ടതുകയും ഭാവി പലിശക്കും മറ്റു ചിലവുകൾക്കും വിധേയമായിരിക്കുന്നതാണ്.

ക്രമ നമ്പർ	ഫയൽ നമ്പർ	വായ്പക്കാരന്റെ/സഹ -വായ്പക്കാരന്റെ പേരും വിലാസവും	ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്ന തിയതി	നോട്ടീസിലെ തുക	പൊസെഷൻ നോട്ടീസിന്റെ തിയതി	ആകെ അടയ്ക്കേണ്ട തുക
1	KLM20 190054	(ശ്രീ. ഗൗതം ഹരി (കടക്കാരൻ) ശ്രീ ഗംഗ ചമ്പലംകോട്, വെട്ടിത്തിട്ട.പി.ഒ, പിറവന്തൂർ എലിക്കാട്ടൂർ, കൊല്ലം – 689696.	9 Apr 24	Rs. 4,76,060/-	17 Jul 24	Rs. 4,92,120/-
2	KLM20 190052	(ശ്രീമതി ശ്രുതിമോൾ സോമൻ (സഹ-വായ്പക്കാരൻ & ജിപിഎ) ശ്രീ ഹരികുമാർ ടി & ശ്രീമതി മിനി ഹരികുമാർ (സഹ-വായ്പക്കാർ)	9 Apr 24	Rs. 32,10,214/-	17 Jul 24	Rs. 33,25,201/-

പ്രോപ്പർട്ടി ഷെഡ്യൂൾ: Survey No.530/1 ൽ ഉൾപ്പെട്ട 2.63 Ares വ്യാപ്തിയുള്ള വസ്തുവിന്റെ എല്ലാ ഭാഗവും കെട്ടിടവും ഉൾപ്പെടെ വാളക്കോട് ഗ്രാമം, പത്തനാപുരം താലൂക്ക്, കൊല്ലം ജില്ല, അതിനുള്ള എല്ലാ ഫിറ്റിംഗുകളും അനുബന്ധ ഘടകങ്ങളും, അതിർത്തി: കിഴക്ക്: അജിതകുമാരിയുടെ സ്വത്ത്, വടക്ക്: പി ഡബ്ല്യുഡി റോഡ്, പടിഞ്ഞാറ്: തോമസിന്റെ സ്വത്ത് തെക്ക്: നദി, രജിസ്ട്രേഷൻ ജില്ല കൊല്ലം സബ് രജിസ്ട്രേഷൻ ജില്ല പുനലൂർ, ഇത് 4813/ 2011ലെ പാർട്ടീഷൻ ഡീഡിൽ കൂടുതൽ പൂർണ്ണമായും പ്രത്യേകമായും വിവരിച്ചിരിക്കുന്നു.

തീയതി : 17-07-2024
സുന്ദരം ഹോം ഫിനാൻസ് ലിമിറ്റഡിനുവേണ്ടി
അധികാരപ്പെട്ട ഓഫീസർ

BR LIFE SUT PATTOM Super Specialty Hospital
സന്ധി മാറ്റിവയ്ക്കൽ നിങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നു
ഞങ്ങളുടെ മികവുറ്റ വിദഗ്ദ്ധർ നിങ്ങൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നു
ഡിപ്പാർട്മെന്റ് ഓഫ് ഓർത്തോപീഡിക്സ്
വിളിയ്ക്കൂ 0471 4077 777

Your health emergency call will be met with SPEEDY HELP from a doctor at your doorstep.
SK HOSPITAL Touching Human Lives
9645611118 HEAL ON WHEEL
Edappazhanji, Thiruvananthapuram
Ph: 0471- 2944444, 3022222
E: skhospitals@gmail.com
www.skhospitals.com